# 20. സൂര്യൻ അസ്തമിക്കുകയാണോ?

പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ സൂര്യൻ അസ്തമിക്കുകയാണോ?

1984 ഒക്ടോബർ 31–ാം തീയതി, രണ്ടു മതഭ്രാന്തന്മാരുടെ വെടിയുണ്ടകളേററ് ഇന്ദിരാഗാന്ധി ഇഹലോകവാസം വെടിഞ്ഞു് ഏതാനും മണിക്കൂറുകൾക്കകം, പ്രധാനമന്ത്രിയായി അധികാരമേല്ക്കുമ്പോൾ യുവാവായ രാജീവ്ഗാന്ധിയുടെ രാഷ്ട്രീയ ഭാവിയെപ്പററി വ്യാപകമായ ആശങ്ക ഇന്ത്യയിൽ ഉണ്ടായിരുന്നു. എന്നാൽ, ഒരു മുന്നറിയിപ്പും നൽകാതെ വിധി തന്റെ ചുമലിൽ കയററിവെച്ച കനത്ത ഭാരം വഹിക്കുന്നതിനു് തനിക്കു കഴിവുണ്ടെന്നു് രാജീവ്ഗാന്ധി വളരെവേഗം തെളിയിച്ചു. സ്വാതന്ത്ര്യലാഭത്തിനുശേഷം ഒരിക്കലും കെട്ടുറപ്പിനു പ്രശസ്തി നേടിയിട്ടില്ലാത്ത കോൺഗ്രസ് പാർട്ടിയെ അദ്ദേഹം ഏകീകരിച്ചു നിർത്തി. 'ഒരു കുതിരമാത്രം ഓടിയ പന്തയം' എന്നു വിവരിക്കപ്പെട്ട 1984 ഡിസംബറിലെ പൊതു തിരഞ്ഞെടുപ്പിൽ, പാർലമെൻറിലെ 544 സ്ഥാനങ്ങളിൽ 401 സ്ഥാനങ്ങളും കോൺഗ്രസ് പാർട്ടി പിടിച്ചടക്കിയപ്പോൾ, രാഷ്ട്രം രാജീവ്ഗാന്ധിയുടെ പിന്നിൽ ഉത്തമവിശ്വാസത്തോടെ അണിനിരന്നിരിക്കുകയാണെന്ന വസ്തുത സംശയാതീതമാംവിധം തെളിയിക്കപ്പെടുകയും ചെയ്തു.

വിദേശനയത്തിൽ ഇന്ദിരാഗാന്ധിയുടെ നയപരിപാടികളെ പ്രശംസനീയമാംവിധം രാജീവ്ഗാന്ധി പിന്തുടർന്നു. അതേസമയം, രാഷ്ട്രത്തിനകത്തുള്ള കെട്ടുപിണഞ്ഞ പ്രശ്നങ്ങളിൽ പൂർവാഗ്രഹങ്ങളിൽനിന്നു വിമുക്തമായ ഒരു പുതിയ സമീപനം കൈക്കൊള്ളാൻ അദ്ദേഹം മടിച്ചില്ല. അസമിലും പഞ്ചാബിലും മിസോറമിലും, ഇപ്പോൾ കാശ്മീരിലും, ഏററുമുട്ടലിന്റെ പാത വിട്ടു് അനുരഞ്ജനത്തിന്റെ പാത രാജീവ്ഗാന്ധി സ്വീകരിച്ചതു് പരക്കെ മതിപ്പ് ഉളവാക്കി.

പക്ഷേ, കോൺഗ്രസ് പാർട്ടിയെ നവീകരിച്ചു്, വിശ്വാസ്യവും കർമദക്ഷവുമായ ഒരു രാഷ്ട്രീയ–ഉപകരണമാക്കിത്തീർക്കുക എന്ന പരമപ്രധാനമായ കൃത്യത്തിൽ അദ്ദേഹം വേണ്ടത്ര ശ്രദ്ധിക്കുകയുണ്ടായില്ല; ശ്രദ്ധിച്ചുവെങ്കിൽത്തന്നെ ഈ രംഗത്തു് വിജയം അദ്ദേഹത്തെ അനുഗ്രഹിക്കുകയുമുണ്ടായില്ല. മെംബർപ്പട്ടികകളിലെ കൃത്രിമങ്ങൾ കാരണം 1985–ലോ, 1986–ലോ പാർട്ടിയിലെ തിരഞ്ഞെടുപ്പുകൾ നടത്താൻ രാജീവ്ഗാന്ധിക്കു കഴിഞ്ഞില്ല. ഇനി 1987–ലും പാർട്ടിക്കകത്തു് തിരഞ്ഞെടുപ്പു നടത്തി അതിലൂടെ ആഭ്യന്തര ജനാധിപത്യം സ്ഥാപിക്കാൻ അദ്ദേഹത്തിനു സാധിക്കുമെന്നു തോന്നുന്നില്ല. കോൺഗ്രസ്" സംഘടനയെപ്പററി 1985 മെയ്മാസത്തിൽ ഞാൻ എഴുതിയതു് 1987 ഏപ്രിലിലും പ്രസക്തംതന്നെ; 'ഇന്ദിരാകോൺഗ്രസ്സിനു് ഒരു സംഘടനയോ, ശ്രേണീകൃതമായ ഒരു അധികാരക്രമമോ ഇല്ല. ഇന്ദിരാകോൺഗ്രസ്സിൽ അധികാരം താഴെ അണികളിൽനിന്നു് സേവനത്തിലൂടെ നേടിയെടുക്കപ്പെടുന്നതല്ല; മുകളിലെ നേതൃത്വത്തിൽനിന്നു് അനുഗ്രഹമായി നൽകപ്പെടുന്നതാണു്. എല്ലാവർക്കും പരക്കെ വിതരണം ചെയ്യപ്പെടുവാൻ മാത്രം സമൃദ്ധമല്ല ഈ അനുഗ്രഹമെന്നതിനാൽ, താഴത്തെ നേതൃത്വനിരയിൽ അധികാരത്തിന്റെ 'പ്രസാദം' വാങ്ങുന്നതിനു് തീവ്രമായ ഉന്തും തള്ളും നടന്നുവരുന്നു. ഈ മത്സരത്തിന്റെ സ്വാഭാവികഫലമത്രേ പ്രാദേശിക ഘടകങ്ങളിലെ 'കള്ളമെംബർപ്പട്ടിക.'

ഇത്തരമൊരു പാർട്ടിയുടെ നിലനില്പു്, വളരെ വലിയ അളവോളം,

നേതാവിന്റെ 'കരിശ്മ'യെ ആസ്പദിച്ചിരിക്കും. സുവ്യക്തമായ ലക്ഷ്യബോധമോ, അചഞ്ചലമായ ആദർശനിഷ്ഠയോ, സംശയാതീതമായ സ്വഭാവശുദ്ധിയോ, ദീർഘകാലത്തെ ജനസേവന പാരമ്പര്യമോ ആവില്ല ഇത്തരമൊരു പാർട്ടിയിൽ ഒരാളെ നേതൃസ്ഥാനത്തേക്കുയർത്തുന്നത്. ജനങ്ങളെ ഇളക്കിമറിച്ച് അവരുടെ വോട്ട് വാരിക്കൂട്ടാനും, തിരഞ്ഞെടുപ്പുചെലവുകൾക്ക് ആവശ്യമായ കനത്ത തുകകൾ സ്വകാര്യമായി എവിടെനിന്നെങ്കിലും സമ്പാദിക്കുവാനമുള്ള കഴിവായിരിക്കും ഇത്തരം പാർട്ടികളിൽ നേതാവിനു അനുപേക്ഷണീയം. ആത്മാർത്ഥതയേക്കാളേറെ അഭിനയമായിരിക്കും ഇമ്മാതിരി പാർട്ടികളിൽ ഉയർന്നുയർന്നു പോകാൻ പ്രയോജനപ്പെടുക.

രാജീവ്ഗാന്ധിയുടെ 'കരിശ്മ' മങ്ങിവരികയാണ് എന്നതിൽ യാതൊരു സംശയവുമില്ല. 1984–ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ തെലുഗുദേശം ഒഴികെയുള്ള എതിർ പാർട്ടികളെയെല്ലാം തറ പററിക്കാൻ കഴിഞ്ഞുവെങ്കിലും, പിന്നീടു സംസ്ഥാന നിയമസഭകളിലേക്കു നടന്ന ഒരു തിരഞ്ഞെടുപ്പിലും വിജയം ഇന്ദിരാ കോൺഗ്രസ്സിനെ അനുഗ്രഹിച്ചില്ല. പ്രത്യേകിച്ച്, 1987 മാർച്ചിൽ കേരളത്തിലും ബംഗാളിലും നടന്ന തിരഞ്ഞെടുപ്പുകളിൽ നേരിട്ട പരാജയം ഇന്ദിരാകോൺഗ്രസ്സിന്റെ പ്രതിച്ഛായ വളരെയധികം മങ്ങിപ്പോവാൻ കാരണമായിട്ടുണ്ട്. വ്യക്തിപരമായ ഒരു അഭിയാനമെന്ന നിലയിൽ രാജീവ്ഗാന്ധി മുൻനിന്നാണ് ഈ സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പു പ്രചാരവേല നടത്തിയതു് എന്നതിനാൽ, ഇവിടങ്ങളിൽ സംഭവിച്ച തിരിച്ചടി രാജീവ്ഗാന്ധിയുടെ 'കരിശ്മ'യെ വളരെയേറെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. 'വോട്ടു വാരുന്ന നേതാവു്' എന്ന പ്രശസ്തി മേലിൽ രാജീവ്ഗാന്ധിക്ക് ഉണ്ടായിരിക്കുന്നതല്ല. അടുത്തു വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ ഹരിയാണയിൽക്കൂടി കോൺഗ്രസ് പരാജയപ്പെടുന്ന പക്ഷം—പഞ്ചാബിലെ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഹരിയാണയിൽ കോൺഗ്രസ് പരാജയപ്പെടാനാണു സാദ്ധ്യത—രാജീവ്ഗാന്ധിയെ നേതൃത്വസ്ഥാനത്തു തുടർന്നും നിലനിർത്തേണ്ട ആവശ്യമുണ്ടോ എന്നു് കോൺഗ്രസ് നേതൃത്വത്തിലെ രണ്ടും മൂന്നും നിരകളിലുള്ളവർ കാര്യമായിത്തന്നെ ചിന്തിച്ചുതുടങ്ങിക്കൂടായ്കയില്ല. പല കാരണങ്ങളാൽ ഇതിനിടെ പാർട്ടിവിട്ടു പോയവരും, പാർട്ടിക്കകത്തുതന്നെ അസന്തുഷ്ടരായി ഇപ്പോഴും വീർപ്പുമുട്ടിക്കഴിയുന്നവരും യോജിച്ച് രാജീവ്ഗാന്ധിക്കെതിരെ ഒരു തുറന്ന സമരം പ്രഖ്യാപിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുമെന്നാണ് വിശ്വസിക്കേണ്ടതു്.

നേതൃസ്ഥാനത്തു തുടരാൻ രാജീവ്ഗാന്ധിക്കുള്ള കഴിവിനെ മാത്രമല്ല, അദ്ദേഹത്തിന്റെ സ്വഭാവശുദ്ധിയെക്കൂടി ചോദ്യംചെയ്യുവാൻ വഴിവെക്കുന്ന ഏതാനും സംഭവങ്ങൾ അടുത്ത കാലത്തു് ഉണ്ടായിട്ടുണ്ട്. വിദേശകാര്യവകുപ്പിലെ സെക്രട്ടറിയായ ശ്രീ വെങ്കടേശ്വരനെ സംബന്ധിച്ച് ഒരു പത്രസമ്മേളനത്തിൽ നിസ്സാരബുദ്ധിയോടെ രാജീവ്ഗാന്ധി ചെയ്ത ഒരു പ്രസ്താവന ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ പലരെയും അസ്വസ്ഥരാക്കി. ഈ മഹാരാജ്യത്തിന്റെ പ്രധാനമന്ത്രിയായിരിക്കാൻ വേണ്ട മാനസിക പക്വത രാജീവ്ഗാന്ധിക്ക് ഇനിയും കൈവന്നിട്ടില്ലെന്നതിന്റെ അടയാളമായി ഈ സംഭവത്തെ രാജീവ്ഗാന്ധിക്കെതിരായ പത്രങ്ങൾ വ്യാഖ്യാനിക്കുകയുംചെയ്തു.

രാജീവ്ഗാന്ധിയുടെ മാനസികപക്വതയിൽ കൂടുതൽ സംശയം ഉളവാക്കിയ ഒന്നാണ് രാഷ്ട്രപതിയും പ്രധാനമന്ത്രിയും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തെപ്പററി അടുത്ത കാലത്തു പുഷ്ടിപ്പെട്ട വാദപ്രതിവാദം. രാഷ്ട്രപതി സെയിൽസിംഗും പ്രധാനമന്ത്രി രാജീവ്ഗാന്ധിയും

തമ്മിൽ, തുടക്കത്തിൽ, വളരെ നല്ല ബന്ധമാണുണ്ടായിരുന്നത്. പിന്നീട് അവർക്കിടയിൽ ഏതെങ്കിലും കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ നിലവിൽ വന്നുവെങ്കിൽത്തന്നെ, അവ പറഞ്ഞൊതുക്കുക പ്രയാസമായിരുന്നില്ല. രാജീവ്ഗാന്ധിയുടെ അഹന്തയും അയവില്ലാത്ത നിലപാടുമാണ് ഇവർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെ ഇത്രയേറെ പെരുപ്പിച്ചത് എന്നാണ് പൊതുവെ നിലവിലുള്ള അഭിപ്രായഗതി. ഈ സംഭവത്തിൽനിന്ന് കോൺഗ്രസ് വിരുദ്ധ പത്രങ്ങൾ പരമാവധി മുതലെടുക്കാതിരുന്നിട്ടില്ല.

ഈ കുനിന്മേൽ കുരുക്കൾപോലെ പൊട്ടിമുളച്ച മൂന്ന് അപവാദങ്ങൾ രാഷ്ട്രതലം വിട്ട് അന്താരാഷ്ട്രതലത്തിലേക്കു കടക്കുകയും, രാജീവ് ഗാന്ധിയുടെ മാത്രമല്ല ഇന്ത്യയെന്ന ഈ രാഷ്ട്രത്തിന്റെതന്നെ പ്രശസ്തിക്കുമേൽ മായ്ക്കാനാവാത്ത കളങ്കം ഇതിനകം ചാർത്തുകയുംചെയ്തിട്ടുണ്ട്. രാജീവ്ഗാന്ധിയുടെ മന്ത്രിസഭയിൽ ശ്രദ്ധനും കരുത്തനുമെന്നു പേർകേട്ട ശ്രീ വിശ്വനാഥ പ്രതാപസിംഹന്റെ രാജിയിൽ കലാശിച്ചവയെന്ന നിലയിൽ ഇവയിൽ രണ്ട് അപവാദങ്ങൾ ദൂരവ്യാപകമായ പ്രാധാന്യം ഉള്ളവയാണ്. മൂന്നാമത്തേത് രാജീവ്ഗാന്ധിയുടെ ഭാവിയിലെ പൊതുപ്രവർത്തനത്തെയാകെ നേരിട്ട് ബാധിക്കുമാറ് വളർന്നുകൂടായ്കയുമില്ല.

'ഫെയർഫാക്സ്' എന്ന അമേരിക്കൻ രഹസ്യാന്വേഷണ (കൺസൾട്ടൻസി) കമ്പനിയുമായി ബന്ധപ്പെട്ടതാണ് ഇവയിൽ ആദ്യത്തെ അപവാദം. വസ്ത്രനിർമാണം മുതലായ പല രംഗങ്ങളിലും വൻതോതിൽ മുതൽ മുടക്കിയിട്ടുള്ള 'റിലയൻസ്' എന്ന ഇന്ത്യൻ കമ്പനി വിദേശനാണയ നിയന്ത്രണനിയമങ്ങൾ ലംഘിച്ച് കുറെയേറെ പണം മറുനാടുകളിലേക്കു കടത്തിയിട്ടുണ്ടെന്ന പ്രചാരണം ഏറെക്കാലമായി 'ഇൻഡ്യൻ എക്സ്പ്രസ്' പത്രം നിരന്തരം നടത്തിവന്നിരുന്നു. ശ്രീ എസ്. ഗുരുമൂർത്തി എന്ന ചെറുപ്പക്കാരനായ ഒരു അക്കൗണ്ടന്റ് ആണ് ഇക്കാര്യം സംബന്ധിച്ച അന്വേഷണങ്ങൾ 'ഇന്ത്യൻ എക്സ്പ്രസ്സി'നുവേണ്ടി നടത്തിയിരുന്നതും, 'റിലയൻസി'നു എതിരായ ലേഖനങ്ങൾ 'ഇന്ത്യൻ എക്സ്പ്രസ്സി'ൽ എഴുതിയിരുന്നതും. 'റിലയൻസി'ന്റെ എതിരാളികളായ 'ബോംബെ ഡൈയിങ്' എന്ന കമ്പനിക്കും ഈ പ്രചാരണങ്ങളിൽ താല്പര്യമുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

'റിലയൻസ്' നടത്തിയതായിപ്പറയുന്ന സാമ്പത്തികകുററങ്ങളുടെ യാഥാർത്ഥ്യം കണ്ടുപിടിക്കാൻ, ധനകാര്യമന്ത്രിയായിരിക്കേ. ശ്രീ വി. പി. സിംഹ് ശ്രമിച്ചു. റവന്യൂ സെക്രട്ടറി ശ്രീ വിനോദ് പാണ്ഡേ, എൻഫോഴ്സ്മെൻറ് ഡയറക്ടർ ശ്രീ ഭൂരേലാൽ എന്നീ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരായിരുന്നു ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ സഹായികൾ. ഇവർ ശ്രീ ഗുരുമൂർത്തിയുമായി ബന്ധപ്പെട്ടുവെന്നും, കേന്ദ്രഗവൺമെൻറിന്റെ ഏതാനും രഹസ്യരേഖകൾ ശ്രീ ഗുരുമൂർത്തിയുടെ കൈയിൽ എത്തിച്ചേർന്നുവെന്നും കരുതപ്പെടുന്നുമുണ്ട്. ശ്രീ ഗുരുമൂർത്തിവഴി അമേരിക്കയിലെ 'ഫെയർഫാക്സ്' എന്ന രഹസ്യാന്വേഷണ (കൺസൾട്ടൻസി) കമ്പനിയുമായി ശ്രീ വിനോദ്പാണ്ഡെയും ശ്രീ ഭൂരേലാലും ബന്ധം സ്ഥാപിച്ചുവത്രേ. 'ഫെയർഫാക്സ്' വെളിപ്പെടുത്തുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യാഗവൺമെൻറ് റിലയൻസിൽനിന്ന് ഈടാക്കുന്ന തുകയുടെ ഇരുപതുശതമാനം 'ഫെയർഫാക്സിനു' പ്രതിഫലമായി നൽകാമെന്ന വ്യവസ്ഥയിൽ ഏതാനും കാര്യങ്ങൾ അന്വേഷിക്കാൻ 'ഫെയർഫാക്സി'നെ ഇന്ത്യാഗവൺമെൻറ് ചുമതലപ്പെടുത്തിയതായി വിശ്വസിക്കപ്പെടുന്നു. അങ്ങനെ ചുമതലയൊന്നും അവർക്കു നൽ

കിയിട്ടില്ലെന്നും, അവർ നൽകുന്ന വിവരങ്ങൾ സ്വീകരിക്കാമെന്നു പറഞ്ഞിട്ടേ ഉള്ളൂ (അതായത് 'ഫെയർഫാക്സി'നെ 'ഏജൻറുമാരായല്ല' 'ഇൻഫോർമർ'മാരായാണ നിയമിച്ചിട്ടുള്ളത്.) എന്നുമാണ് ഇന്ത്യാഗവണ്മെൻറിൻെറ വാദം. ഈ വാദം 'ഫെയർഫാക്സ്' 'അംഗീകരിച്ചിട്ടില്ല. ഏതായാലും ഇന്നോളം 'ഫെയർഫാക്സി'ന് ഇന്ത്യാഗവണ്മെൻറ് പ്രതിഫലമൊന്നും കൊടുത്തിട്ടില്ലെന്നും, എന്നാൽ, 'റിലയൻസി'ൻെറ എതിരാളികളായ 'ബോംബെ ഡൈയിങ്ങി'ൽനിന്ന് അവർക്കു കറെ പണം കിട്ടിയിട്ടുണ്ടെന്നും പറയപ്പെടുന്നു. ഇന്ത്യാഗവണ്മെൻറിൻെറ ഏതാനും രഹസ്യരേഖകൾ 'ഫെയർഫാക്സി'ൻെറ കൈയിൽ എത്തിച്ചേർന്നിട്ടുള്ളതായും പറയപ്പെടുന്നുണ്ട്.

'ഫെയർഫാക്സി'ലെ ഒരു ഉദ്യോഗസ്ഥനായ മി. മാക്കേ എഴുതിയതെന്നു കരുതപ്പെടുന്ന ഒരു കത്ത് എങ്ങനെയോ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ കൈയിൽ വന്നുചേർന്നു. പാർലമെൻറംഗമായ ശ്രീ അമിതാഭ്ബച്ചൻെറ അനുജൻെറ പേരിലുള്ള വിദേശനിക്ഷേപങ്ങളെ സംബന്ധിച്ച പരാമർശം അടക്കം, സംശയാസ്പദമായ ഒട്ടുവളരെ കാര്യങ്ങൾ ഈ കത്തിലുണ്ടായിരുന്നു.ഇതൊരു കള്ളക്കത്താണെന്ന് 'ഫെയർഫാക്സു'കാർ പിന്നീടു പറഞ്ഞിട്ടുണ്ട്. ഇതിനെത്തുടർന്ന്, ഗവണ്മെൻറിൻെറ രഹസ്യങ്ങൾ ചോർത്തിയെടുത്തുവെന്ന കുററം ചുമത്തി ശ്രീ ഗുരുമൂർത്തിയെ കേന്ദ്ര രഹസ്യാന്വേഷണവകുപ്പുകാർ അറസ്റ്റ്ചെയ്തു; ഇന്ത്യൻ എക്സ്പ്രസ് ഉടമയായ ശ്രീ ഗോയങ്കയുടെ ദില്ലിയിലെ വസതി അവർ പരിശോധിക്കുകയുംചെയ്തു. ഈ നടപടി പാർലമെൻറിൽ വലിയ ഒച്ചപ്പാടിനു കാരണമായി. പ്രകടമായിത്തന്നെ ഇന്ത്യാവിരുദ്ധ നിലപാടെടുത്തിട്ടുള്ള അമേരിക്കയിലെ ഒരു സ്ഥാപനത്തിന് ഇന്ത്യാഗവണ്മെൻറിൻെറ പല രഹസ്യങ്ങളും കൈമാറാൻ 'ഫെയർഫാക്സ്' ഇടപാടു കാരണമായിത്തീർന്നിട്ടുണ്ടെന്ന ആശങ്കയ്ക്ക് അടിസ്ഥാനം ഇല്ലെന്നു പറഞ്ഞുകൂടാ.

'ഫെയർഫാക്സു'മായി തൻെറ കീഴുദ്യോഗസ്ഥർ ഉണ്ടാക്കിയ കരാറിൻെറ ഉത്തരവാദിത്തം, അപ്പോഴേക്കു ധനകാര്യവകുപ്പ് വിട്ട് രാജ്യരക്ഷാമന്ത്രിയായിക്കഴിഞ്ഞിരുന്ന ശ്രീ വി.പി. സിംഹ് ഏറെറടുത്തു. 'ഫെയർഫാക്സ്' ഇടപാടു സംബന്ധിച്ച് പാർലമെൻറിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്കൊന്നും തൃപ്തികരമായ സമാധാനം ഇനിയും ലഭിച്ചിട്ടില്ല. തനിക്കോ തൻെറ അനുജനോ വിദേശങ്ങളിൽ ധനനിക്ഷേപമില്ലെന്ന് ശ്രീ അമിതാഭ്ബച്ചൻ പ്രസ്താവിച്ചിട്ടുണ്ട്. എങ്കിലും പല കാര്യങ്ങളും അവ്യക്തമായി അവശേഷിക്കുന്നു.

'ഫെയർഫാക്സ്' പ്രശ്നത്തിൽ തനിക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്കു തിരിച്ചടിയായിട്ടാണെന്നു കരുതപ്പെടുന്നു, ജർമനിയിൽനിന്ന് രണ്ടു മുങ്ങിക്കപ്പലുകൾ ഇന്ത്യൻ നാവികസേനയിലേക്കു വാങ്ങിയ ഇനത്തിൽ, കപ്പൽ നിർമിച്ച കമ്പനിയിൽനിന്ന് ഇന്ത്യയിലെ ഒരു മധ്യവർത്തിക്ക് മുപ്പതുകോടി രൂപ ലഭിക്കുകയുണ്ടായെന്ന ആരോപണത്തെപ്പററി രാജ്യരക്ഷാവകുപ്പിൻെറ വകയായി ഒരു അന്വേഷണം നടത്താൻ ശ്രീ വി. പി. സിംഹ് ഉത്തരവിട്ടു; ഈ വിവരം അദ്ദേഹം പരസ്യമായി പ്രഖ്യാപിക്കുകയുംചെയ്തു. മുങ്ങിക്കപ്പലുകൾക്ക് ഓർഡർ നൽകുന്ന കാലത്തു രാജ്യരക്ഷാവകുപ്പിൻെറ ചുമതല വഹിച്ചിരുന്ന ശ്രീ രാജീവ്ഗാന്ധിക്ക് എതിരായ ഒരു നീക്കമാണ് ഇതെന്ന്, സ്വാഭാവികമായും കരുതപ്പെട്ടു. രാജീവ്ഗാന്ധിയോട് തനിക്കുള്ള കുറു പ്രഖ്യാപിച്ചുകൊണ്ട് ശ്രീ വി. പി. സിംഹ് രാജ്യരക്ഷാമന്ത്രിസ്ഥാനം രാജിവെക്കുകയുംചെയ്തു.

ഈ ഇടപാടു സംബന്ധിച്ചും ഒരുപാടുകാര്യങ്ങൾ വെളിച്ചത്തു വരേ

ങ്ങതായുണ്ട്. എന്തു നടന്നതാണ് ഈ ഇടപാട്? എന്തായിരുന്നു അതിലെ വ്യവസ്ഥകൾ? ആരായിരുന്നു പണംവാങ്ങിയ മദ്ധ്യവർത്തി? ആ പണം എങ്ങനെയാണു നൽകപ്പെട്ടതു്? അതെവിടെ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു?

'ഫെയർഫാക്സ്'' ഇടപാട് സംബന്ധിച്ച അന്വേഷണങ്ങൾ നടത്താൻ പാർലമെൻറ് ഒരു കമ്മററിയെ നിയമിക്കണമെന്ന് പ്രതിപക്ഷാംഗങ്ങൾ വാദിച്ചു. ഈ ആവശ്യം രാജ്യരക്ഷാതാല്പര്യങ്ങളുടെ പേരിൽ കേന്ദ്രഗവണ്മെൻറ് നിരസിച്ചു. പകരം സുപ്രീംകോടതിയിലെ രണ്ട് ജഡ്ജിമാരെ ഈ കാര്യം അന്വേഷിക്കുന്ന ചുമതല ഏല്പിച്ചിരിക്കുകയുമാണ്. ഈ അന്വേഷണക്കമ്മീഷൻെറ റിപ്പോർട്ട് യഥാകാലം പാർലമെൻറിൽ സമർപ്പിക്കുന്നതായിരിക്കും. അതോടൊപ്പം, മുങ്ങിക്കപ്പൽ ഇടപാട് സംബന്ധിച്ച് രാജ്യാരക്ഷാവകുപ്പിൻെറ അന്വേഷണം തുടർന്നു നടത്തുമെന്നും ഗവണ്മെൻറുഭാഗത്തുനിന്ന് പ്രസ്താവിച്ചിട്ടുണ്ട്.

ഇപ്പറഞ്ഞ രണ്ട് ഇടപാടുകളേക്കാൾ എത്രയോ കൂടുതൽ പ്രക്ഷോഭകരമാണ് സ്വീഡനിലെ റേഡിയോവിൻെറയും ടെലിവിഷൻെറയും ആരോപണങ്ങളിലൂടെ പുറത്തുവന്ന 'ബോഫോർസ്'' ഇടപാട്. പരിഷ്കരിച്ച യന്ത്രത്തോക്കുകൾ വലിയ തോതിൽ പാകിസ്ഥാന് അമേരിക്ക നൽകിയതിനെത്തുടർന്ന്, ഇരുപത്തിനാലു കിലോമീററർവരെ ദൂരത്തിൽ ഉണ്ടകൾ ഉതിർക്കാവുന്ന 155 മി. മീ. ഹോവിററ്സർ യന്ത്രത്തോക്കുകൾ സ്വീഡനിലെ ഏററവും വലിയ ആയുധനിർമാതാക്കളായ ബോഫോർസ് കമ്പനിക്കാരിൽനിന്ന് വാങ്ങാനുള്ള ഒരു കരാറിൽ ഇന്ത്യ ഒപ്പുവെച്ചു. പരേതനായ സ്വീഡിഷ് പ്രധാനമന്ത്രി ഓലോഫ് പാൽമേ ആണ് ഈ ഇടപാടിനു നേതൃത്വം നൽകിയതു്. ബോഫോർസ് നൂററിമുപ്പതുകോടി ഡോളർ വിലയുള്ള ആയുധങ്ങൾ ഇന്ത്യക്കു നൽകുകയും, ഇവ പിന്നീട് ഇന്ത്യയിൽ നിർമിച്ചുതുടങ്ങുന്നതിന് സാങ്കേതികസഹായം നൽകുകയും വേണമെന്നും, ഈ ഇടപാടിൽ ആർക്കും കമ്മീഷൻ നൽകരുതെന്നും, കമ്മീഷൻ തുക വിലയിൽ കുറവുചെയ്യണമെന്നും, മുൻകൂട്ടി വ്യവസ്ഥ ചെയ്തിരുന്നു. എന്നിട്ടും വലിയ തുകകൾ ഇന്ത്യയിലെ രാഷ്ട്രീയ—സൈനിക—മേധാവികൾക്ക് കൈക്കൂലിയായി ബോഫോർസ് കൈമാറിയിട്ടുണ്ടെന്നാണ് സ്വീഡിഷ് റേഡിയോ ആരോപിച്ചിട്ടുള്ളതു്. ഈ ആരോപണം സമർത്ഥിക്കാൻവേണ്ട തെളിവുകൾ തങ്ങളുടെ കൈവശമുണ്ടെന്നും, തക്കതായ അവസരത്തിൽ അതു പുറത്തുവിടുമെന്നും സ്വീഡിഷ് റേഡിയോ ആവർത്തിച്ചു പ്രസ്താവിച്ചിട്ടുമുണ്ട്. പക്ഷേ, തങ്ങൾ കൈക്കൂലികൊടുത്തു എന്ന ആരോപണം ബോഫോർസ് കമ്പനി നിഷേധിച്ചിരിക്കുകയാണ്. ഇക്കാര്യത്തിലും, ഇന്ത്യാഗവണ്മെൻറിനു പൊതുവെയും, പ്രധാനമന്ത്രി രാജീവ്ഗാന്ധിക്ക് പ്രത്യേകിച്ചും, എതിരായ എന്തെല്ലാം വസ്തുതകളാണ് വെളിപ്പെടാൻ പോകുന്നതു് എന്ന് അറിഞ്ഞുകൂടാ.

ഇന്ത്യയെപ്പോലെയുള്ള ദരിദ്രരാജ്യങ്ങളിലെ മാത്രമല്ല, അമേരിക്ക പോലുള്ള ധനികരാജ്യങ്ങളിലെക്കൂടി സമ്പന്നന്മാർ, അവരുടെ പണം, പ്രത്യേകിച്ച് സംശയാസ്പദങ്ങളായ ഇടപാടുകളിലൂടെ നേടിയെടുത്തതും പരസ്യമായി പുറത്തുകാണിച്ചാൽ ആപൽക്കരവുമായ കള്ളപ്പണം, പരമരഹസ്യമായി നിക്ഷേപിക്കുന്നതു് സ്വിററ്സർലാൻഡ്, ലിക്തൻസ്റ്റൈൻ തുടങ്ങിയ ഏതാനും രാജ്യങ്ങളിലെ ബാങ്കുകളിലാണ്. നിക്ഷേപകൻെറ പേരുപോലും വെളിപ്പെടുത്താതെ ഈ രാജ്യങ്ങളിൽ പണം നിക്ഷേപിക്കാം; ഒരു കടലാസ്സിലും ഒപ്പിട്ടുകൊടുക്കാതെ, ടെലിഫോണിലൂടെ, വൻതുകകൾ കൈമാറുകയുംചെയ്യാം. കള്ളപ്പണം

കൈയിൽ വെയ്ക്കുന്നതല്ല, കള്ളപ്പണനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ പരസ്യമാക്കുന്നതാണ്, ഈ രാജ്യങ്ങളിൽ ശിക്ഷാർഹം.

തങ്ങൾ കയററിയയയ്ക്കുന്ന സാധനങ്ങളുടെ വില കുറച്ചു കാണിച്ചും, ഇറക്കുമതിചെയ്യുന്ന സാധനങ്ങളുടെ വില പെരുപ്പിച്ചു കാണിച്ചും, വിദേശങ്ങളിൽ കുറെ പണം സമ്പാദിക്കാൻ വ്യാപാരികൾക്കു പ്രയാസമില്ല. ഒരു ചെറിയ ഫീസ്സുകൊടുത്താൽ, മറെറാരു വ്യവസ്ഥയും കൂടാതെ, കമ്പനികൾ രജിസ്റ്റർചെയ്യാൻ അനുവദിക്കുന്ന ചില രാജ്യങ്ങളുണ്ട്. ഇങ്ങനെ രജിസ്റ്റർ ചെയ്ത കൃത്രിമക്കമ്പനികളുടെ പേരിൽ മററു രാജ്യങ്ങളിൽ നല്ല നിലയിൽ നടന്നുവരുന്ന കമ്പനികളും വ്യവസായസ്ഥാപനങ്ങളും വിലയ്ക്കു വാങ്ങുകയോ, ഭൂസ്വത്തു സമ്പാദിക്കുകയോ ഒക്കെ ചെയ്യാം.. ഇത്തരം ഇടപാടുകളിൽ കള്ളപ്പണക്കാരെ സഹായിക്കുന്ന വിദഗ്ദ്ധർ എല്ലാ രാജ്യങ്ങളിലുമുണ്ട്. നിയമത്തിൻെറ പിടിയിൽനിന്ന് കള്ളപ്പണക്കാരെ രക്ഷിക്കുന്നതിൽ പേരുകേട്ട വക്കീലന്മാർ എവിടെയാണില്ലാത്തതു്?

ആയിരത്തഞ്ഞൂറുകോടി രൂപയോളംവരുന്ന ഒരു തുക സ്വിസ്ബാങ്കുകളിൽ ഇന്ത്യക്കാർ നിക്ഷേപിച്ചിട്ടുള്ളതായി പറഞ്ഞുകേൾക്കുന്നു. യഥാർത്ഥത്തിൽ ഇതിലും വലിയതാകാം. സ്വിസ്ബാങ്കുകളിൽ ഇന്ത്യക്കാരുടെ നിക്ഷേപം. സ്വിററ്സർലണ്ടിനു പുറമേ ലിക്‌തൻസ്റ്റൈൻ, മൊണാകോ, വത്തിക്കാൻ മുതലായ യൂറോപ്യൻരാജ്യങ്ങളിലും, ബഹ്റിൻ, ദുബായ് മുതലായ പശ്ചിമേഷ്യൻ രാജ്യങ്ങളിലും, ഹോങ്കോങ്ങിലും, വേറെയും പല രാജ്യങ്ങളിലും, കള്ളപ്പണനിക്ഷേപസൗകര്യങ്ങളുണ്ട്. ഒരു നോട്ടീസും കൂടാതെ ഈ പണം പിൻവലിക്കുകയും, മററു രാജ്യങ്ങളിലേക്കു കടത്തുകയും, ഭീകരപ്രവർത്തനങ്ങൾ, രാഷ്ട്രീയങ്ങളായ അട്ടിമറികൾ, മയക്കുമരുന്നു വ്യാപാരം മുതലായവയിൽ അതു നിക്ഷേപിക്കുകയും ആവാം. ഈവക കാര്യങ്ങളെപ്പററി നാം കൂടുതൽ ബോധവാന്മാരാകേണ്ടതുണ്ട്.

ഇപ്പോഴത്തെ അപവാദങ്ങളെ രാജീവ്ഗാന്ധി അതിജീവിച്ചു എന്നുവരാം. 1989 വരെ അദ്ദേഹം പ്രധാനമന്ത്രിയായി തുടരുകയുംചെയ്തേക്കാം. പക്ഷേ, ഈ അപവാദങ്ങളുടെ ഫലമായി അദ്ദേഹത്തിൻെറ 'കരിശ്മയും', പ്രവർത്തനശേഷിയും വളരെയധികം കുറയാനാണ് സാദ്ധ്യത. 'ഈരാൻ' അപവാദത്തിനുശേഷം റെയ്ഗൻ അമേരിക്കയിലെ 'ഞൊണ്ടിത്താറാവു് പ്രസിഡണ്ട്' ആയിരിക്കുകയാണല്ലോ. 'ഫെയർഫാക്സി'നുശേഷം രാജീവ്ഗാന്ധിയെ ഇന്ത്യയിലെ 'ഞൊണ്ടിത്താറാവു് പ്രധാനമന്ത്രി'യായി ചിലരെങ്കിലും കരുതിക്കൂടായ്കയില്ല. •

(25 ഏപ്രിൽ, 1987)

## 21. കേന്ദ്രത്തിൽ കോൺഗ്രസ്സിന് ഒരു വികല്പം

ശ്രീ രാജീവ്ഗാന്ധിയെ പ്രധാനമന്ത്രിസ്ഥാനത്തുനിന്നു പിരിച്ചുവിടാൻ താൻ ഉദ്ദേശിക്കുന്നു എന്ന അർത്ഥത്തിലുള്ള പത്രവാർത്തകൾ തികച്ചും അടിസ്ഥാനമില്ലാത്തവയാണ് എന്ന് മെയ് 3–ാം തീയതി രാഷ്ട്രപതി സെയിൽസിംഹ് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുകയുണ്ടായി. പാർല